പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1497 | 07.06.2018-ൽ മറുപടിക്ക്

## കോന്നി മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പാലങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി മണ്ഡലത്തിൽ പാലങ്ങൾ നിർമ്മിക്കുന്നതിനെടുത്ത തീരുമാനപ്രകാരം പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി മണ്ഡലത്തിലെ പാലങ്ങളായ കൈപ്പട്ടൂർ പാലം - 66 ശതമാനം, തൂപ്പാറ പാലം - 63 ശതമാനം, ചിറ്റൂർ കടവ് പാലം - 29.75 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെങ്കിലും പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | പാലങ്ങളുടെ പണികൾ പൂർണ്ണമായിട്ടില്ല. പാലം പണികൾക്ക് ആവശ്യമായ ഫണ്ട് പത്തനംതിട്ട ജില്ലാ കളക്ടറുടെ ആർ.എം.എഫ് അക്കൗണ്ടിൽ ലഭ്യമാകാത്തതിനാൽ പണികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി അടിയന്തരമായി പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;<br><br>(ഡി) ഓരോ പാലത്തിന്റെയും നിർമ്മാണത്തിൽ നിലനിൽക്കുന്ന തടസ്സങ്ങളും ആയവ പരിഹരിക്കുവാൻ സർക്കാർ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങളും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ലാന്റ് റവന്യൂ കമ്മീഷണറുടെ 28.05.2018-ലെ എൽ.ആർ (കെ1) 13683/18-ാം നമ്പർ റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരമില്ലാതെ കരാർ ഏർപ്പെട്ടതിനാലും സൈറ്റ് കൈമാറിയത് സംബന്ധിച്ച് ക്രമക്കേടുകൾ ഉള്ളതിനാലും പ്രസ്തുത പാലങ്ങളുടെ പണി തുടരുന്നത് സംബന്ധിച്ച് നിയമോപദേശം തേടേണ്ടതുണ്ടെന്ന് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| (ഇ) എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) യും | ഫണ്ടിന്റെ അപര്യാപ്തത പാലം പണിയ്ക്ക് തടസ്സമായിരുന്നു. മലപ്പുറം ജില്ലയിലെ RMF-ൽ നിന്നും പത്തനംതിട്ട ജില്ലയിലേയ്ക്ക് തുക കൈമാറാൻ ഉത്തരവ് നൽകിയെങ്കിലും മലപ്പുറം ജില്ലയിലെ TSB അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് കൈമാറിയ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ഫണ്ട് കിട്ടാതെ വന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**